# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പത്തനംതിട്ട

ഫെബ്രുവരി 5
February 5
2020

1193 മകരം 22 ബുധൻ

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

## പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്തിൽ അഞ്ച് കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കും

വരുന്ന ര ് മാസത്തിനുള്ളിൽ പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്തിൽ അഞ്ച് കോടി രൂപയുടെ മഹാത്മാ ഗാന്ധി എൻ.ആർ.ഇ.ജി.എസ് പ്രവർത്തികൾ നടപ്പിലാക്കുമെന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അംബികാ മോഹൻ അറിയിച്ചു. മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് പദ്ധതിയുടെ പ്രവർത്തന അവലോകനം ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ പ്രസിഡന്റിന്റെ അധ്യക്ഷതയിൽ നടന്നു. പത്തനംതിട്ട ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർ എൻ.ഹരി പദ്ധതി അവലോകനം നടത്തി. കടപ്ര, കുറ്റൂർ, നെടുമ്പ്രം, നിരണം, പെരിങ്ങര ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, അസി.സെക്രട്ടറിമാർ, അക്രഡിറ്റഡ് എഞ്ചിനീയർമാർ, ഓവർസീയർമാർ, അക്കൗ ന്റ് കം ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർ എന്നിവർ അവലോകന യോഗത്തിൽ പങ്കെടുത്തു.

മുൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഈപ്പൻ കുര്യൻ, അംഗങ്ങളായ അനിൽ മേരി ചെറിയാൻ, ശോശാമ്മ മജു, സൂസമ്മ പൗലോസ്, അന്നമ്മ വർഗീസ് തുടങ്ങിയവർ സംബന്ധിച്ചു.

പുളിക്കീഴ് ബ്ലോക്ക് പരിധിയിലെ പഞ്ചായത്തുകളിൽ നിന്നുള്ള ഗുണഭോക്താക്കൾക്ക് ആട്ടിൻകൂട്, പശുത്തൊഴുത്ത്, കോഴിക്കൂട്, കാലിത്തൊഴുത്ത്, കമ്പോസ്റ്റ് പിറ്റ്, കുളം നിർമ്മാണം, കിണർ നിർമ്മാണം എന്നിവ സൗജന്യമായി നിർമ്മിച്ചു നൽകും. ഗുണഭോക്താക്കൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരോ, വികലാംഗരോ, വിധവകളോ, പട്ടികജാതി, പട്ടിക വർഗക്കാരോ ആയിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്ത് ഓഫീസുമായോ അതാത് ഗ്രാമപഞ്ചായത്ത് ഓഫീസുമായോ ബന്ധപ്പെടണമെന്ന് പ്രസിഡന്റ് അറിയിച്ചു.

(പിഎൻപി 603/2020)

## താലൂക്ക് ലൈബ്രറി കൗൺസിൽ തെരഞ്ഞെടുപ്പ്

മല്ലപ്പള്ളി താലൂക്ക് ലൈബ്രറി കൗൺസിൽ തെരഞ്ഞെടുപ്പിൽ ഔദ്യോഗിക പാനലിന് വിജയം. 68 വോട്ടർമാരിൽ 59 പേർ സമ്മതിദാനാവകാശം രേഖപ്പെടുത്തി. താലൂക്ക് ലൈബ്രറി കൗൺസിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ അഡ്വ. ജിനോയ് ജോർജ്ജ്, കെ.കെ സുകുമാരൻ, പി.പി ഉണ്ണിക്കൃഷ്ണൻ നായർ, രമേഷ് ചന്ദ്രൻ, റെജി ശാമുവേൽ, തമ്പി കോലത്ത്, തോമസ് മാത്യു എന്നിവർ വിജയിച്ചു. വനിതാ സംവരണ സീറ്റിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ സി.എസ് ശാലിനിക്കുട്ടിയമ്മ വിജയിച്ചു. താലൂക്ക് ലൈബ്രറി കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് എസ്.സി സംവരണ സീറ്റിലേക്ക് വി.കെ സുകുമാരനും വനിതാ സംവരണ സീറ്റിലേക്ക് ബിന്ദു ചാത്തനാട്ടും എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു.

ജില്ലാ ലൈബ്രറി കൗൺസിലേക്ക് ബി.വിനയസാഗർ, ഡോ.പി.ജെ ഫിലിപ്പ്, ജോസ് കുറഞ്ഞൂർ, കെ.പി. രാധാകൃഷ്ണൻ, ടി.എസ് മോഹനപണിക്കർ എന്നിവരും എസ്.സി. സംവരണ സീറ്റിലേക്ക് സനോജും എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു.

താലൂക്ക് ലൈബ്രറി കൗൺസിൽ ആസ്ഥാനമായ മഹാകവി വെണ്ണിക്കുളം താലൂക്ക് ലൈബ്രറി ഹാളിൽ നടന്ന തെരഞ്ഞെടുപ്പിൽ മല്ലപ്പള്ളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ വി.നളിനി വരണാധികാരിയായിരുന്നു. താലൂക്ക് ലൈബ്രറി കൗൺസിൽ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് 11ന് നടക്കും.

(പിഎൻപി 604/2020)

## ഇലന്തൂർ ഗ്രാമപഞ്ചായത്ത് ഗ്രാമസഭ ആരംഭിച്ചു

ഇലന്തൂർ ഗ്രാമപഞ്ചായത്ത് ഗ്രാമസഭകൾ ആരംഭിച്ചു. ഈ മാസം 18നകം വിവിധ കേന്ദ്രങ്ങളിൽ ഗ്രാമസഭകൾ നടക്കുമെന്ന് ഇലന്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. വാർഡ്, തീയതി, സമയം, സ്ഥലം എന്നിവ ചുവടെ:-

വാർഡ് ഒന്ന്- ഏഴിന് 10.30 ന് എസ്.എൻ.ഡി.പി ഹാൾ പരിയാരം,വാർഡ് ആറ് -ഏഴിന് 2.30 ന് ശാലോം മർത്തോമ ഓഡിറ്റോറിയം, വാർഡ് ര ്- എട്ടിന് ര ിന് തുമ്പോൺതറ,വാർഡ് മൂന്ന് - എട്ടിന് മൂന്നിന് എം.ടി.എൽ.പി സ്കൂൾ ഓലിയ്ക്കൽ, വാർഡ് എട്ട്- പത്തിന് 2.30ന് ദീപ്തി ലൈബ്രറി ഇലന്തൂർ, വാർഡ് ഒൻപത് - പത്തിന് 10.30ന് സർവീസ് സഹകരണ ബാങ്ക് ഓഡിറ്റോറിയം, വാർഡ് 11-12ന് ര ിന് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ ഇലന്തൂർ, വാർഡ് അഞ്ച്-15 ന് 10.30ന് ഗവ. എൽ.പി.എസ് ചിറമേൽ, വാർഡ് നാല് - 15ന് 2.30 ന് വൈ.എം.എ ഹാൾ വാര്യാപുരം, വാർഡ് 12- 16 ന് 2.30 ന് ഗവ. വി.എച്ച്.എസ്.എസ് ഇലന്തൂർ, വാർഡ് 10-18 ന് 2.30ന് മർത്തോമ ഓഡിറ്റോറിയം ഇലന്തൂർ, വാർഡ് 13- 18ന് 10.30ന് വൈ.എം.സി.എ ഹാൾ ഇലന്തൂർ.

(പിഎൻപി 605/2020)

## ചെന്നീർക്കര ഗ്രാമപഞ്ചായത്ത് ഗ്രാമസഭ

ചെന്നീർക്കര ഗ്രാമപഞ്ചായത്ത് ഗ്രാമസഭ ഈ മാസം 11 വരെ വിവിധ വാർഡുകളിൽ നടക്കുമെന്ന് ചെന്നീർക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. വാർഡ്, തീയതി, സമയം, സ്ഥലം എന്നിവ ചുവടെ:- വാർഡ് ഒന്ന് - ആറിന് 10.30ന് എസ്.എൻ.ഡി.പി.എൽ.പി.എസ് മുട്ടത്തുകോണം, വാർഡ് 11- ആറിന് 2.30ന് ജി.എച്ച്.എസ് തുമ്പമൺ നോർത്ത്, വാർഡ് 13- ആറിന് 2.30 ന് ചെന്നീർകര നോർത്ത് എൽ.പി സ്കൂൾ, വാർഡ് 12- ഏഴിന് 10.30ന് എം.ടി.എൽ.പി.എസ് ചെന്നീർകര, വാർഡ് നാല്- എട്ടിന് 10.30 ന് സി.എം.എസ് എൽ.പി സ്കൂൾ മുട്ടുകുടുക്ക, വാർഡ് മൂന്ന്-എട്ടിന് ര ിന് ഗവ. എൽ.പി സ്കൂൾ പ്രക്കാനം, വാർഡ് 14- എട്ടിന് 2.30 ന് സി.എം.എസ് യു.പി സ്കൂൾ നല്ലാനികുന്ന്, വാർഡ് 10- ഒൻപതിന് 2.30 ന് ശാലോം പബ്ലിക് സ്കൂൾ മുറിപ്പാറ, വാർഡ് ര ്- ഒൻപതിന് 2.30 ന് ഗവ. എൽ.പി സ്കൂൾ പ്രക്കാനം, വാർഡ് ഒൻപത്- 10 ന് മൂന്നുമണിക്ക് ജി.യു.പി.എസ് ഏറത്തുമ്പമൺ മാത്തൂർ, വാർഡ് എട്ട് - 11 ന് 10.30 ന് കുര്യാക്കോസ് കത്തനാർ സ്മാരകം മഞ്ഞനിക്കര. വാർഡ് ഏഴ്- 11 ന് 2.30 ന് ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ ഊന്നുകൽ.

(പിഎൻപി 606/2020)

## ശാസ്ത്രീയത ഉറപ്പുവരുത്തിയുള്ള കൃഷി രീതി നടപ്പാക്കണം

പ്രകൃതിക്കിണങ്ങുന്ന നൂതന ശാസ്ത്രീയ കൃഷി രീതികൾ അവലംബിച്ച് കൃഷിയെ വിനോദത്തോടൊപ്പം വരുമാനമാർഗമായി സ്വീകരിക്കണമെന്ന് പത്തനംതിട്ട കൃഷി വിജ്ഞാന കേന്ദ്രം ചെയർമാൻ തോമസ് മാർ തിമഥെയോസ് എപ്പിസ്കോപ്പാ പറഞ്ഞു. ജില്ലാ ഐ.സി.എ.ആർ-കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ 19-ാം ശാസ്ത്ര സാങ്കേതിക സമിതി യോഗത്തിൽ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. 2022 ൽ കർഷകരുടെ വരുമാനം ഇരട്ടിയാക്കുന്നതിനുള്ള നൂതന സാങ്കേതിക വിദ്യകൾ കർഷകരിൽ എത്തിക്കുവാൻ ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ നേതൃത്വം നൽകി വരുന്നതായി അഗ്രികൾച്ചർ ടെക്നോളജി ആപ്ലിക്കേഷൻ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ.ഡി.വി ശ്രീനിവാസ റെഡ്ഡി പറഞ്ഞു.

ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ അംഗീകാരം നൽകിയ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ മുൻനിര പ്രദർശനങ്ങളും, കർഷക പങ്കാളിത്ത പരീക്ഷണങ്ങളും സമിതിയിൽ അവതരിപ്പിച്ചു. കാർഡ് ഡയറക്ടർ റവ. ഏബ്രഹാം പി. വർക്കി അധ്യക്ഷത വഹിച്ച ചടങ്ങിൽ കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ. സി.പി. റോബർട്ട് പദ്ധതികളുടെ അവതരണം നടത്തി.

കേരള കാർഷിക സർവകലാശാലാ കുമരകം റീജനൽ റിസേർച്ച് സ്റ്റേഷൻ അസോ.പ്രൊഫസർ ഡോ.സിബിൾ ജോർജ്, കൃഷി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സൂസൻ വറുഗീസ്, ആത്മ പ്രോജക്ട് ഡയറക്ടർ ഇൻ ചാർജ് വിനോജ് മാമ്മൻ, മൃഗ സംരക്ഷണ വകുപ്പ് അസി. ഡയറക്ടർ ഡോ.എം.മാത്യു, കോട്ടയം കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ. ജി. ജയലക്ഷ്മി, ആലപ്പുഴ കൃഷി വിജ്ഞാന കേന്ദ്രം സബ്ജക്റ്റ് മാറ്റർ സ്പെഷ്യലിസ്റ്റ് ഡോ. കെ. സജനാ നാഥ്, ലീഡ് ബാങ്ക് ജില്ലാ മാനേജർ വി. വിജയകുമാരൻ, ആകാശവാണി പ്രോഗ്രാം എക്സിക്യൂട്ടീവ് ജി.സന്തോഷ് കുമാർ, ദൂർദർശൻ കേന്ദ്രം അസി. ഡയറക്ടർ കെ.ടി, ശിവാനന്ദൻ, കാർഡ് ട്രഷറാർ ജോസി കുര്യൻ, കർഷക പ്രതിനിധികളായ സാം ഈപ്പൻ, പി.വി വർഗീസ്, കൃഷി വിജ്ഞാന കേന്ദ്രം സബ്ജക്റ്റ് മാറ്റർ സ്പെഷ്യലിസ്റ്റ്മാരായ വിനോദ്

മാത്യു, ഡോ. റിൻസി കെ.ഏബ്രഹാം, അലക്സ് ജോൺ, ഡോ. ഷാനാ ഹർഷൻ, ഡോ. സെൻസി മാത്യു, ഡോ. സിന്ധു സദാനന്ദൻ, ഫാം മാനേജർ അമ്പിളി വർഗീസ്, പ്രോഗ്രാം അസി. ബിനു ജോൺ എന്നിവർ പ്രസംഗിച്ചു. ഓഫീസ് സൂപ്ര ് മോൻസി മാത്യു, അനു ജോൺ എന്നിവർ നേതൃത്വം നൽകി.

ശാസ്ത്ര സാങ്കേതിക സമിതിയിലേക്കുള്ള കർഷക പ്രതിനിധികളായി അടുത്ത മൂന്നുവർഷത്തേക്ക് സാം ഈപ്പൻ, അജയകുമാർ വല്ലുഴത്തിൽ, ഇ.കെ. വിലാസിനി, ജെസി വർഗീസ് എന്നിവരെ നിയമിച്ചു.

(പിഎൻപി 607/2020)

## വനിതാ രത്ന അവാർഡ് 2019; അപേക്ഷ ക്ഷണിച്ചു

വിവിധ മേഖലകളിൽ സ്തുത്യർഹമായ നേട്ടങ്ങൾ കൈവരിച്ച വനിതകളെ ആദരിക്കുന്നതിനായി സംസ്ഥാന സർക്കാർ നൽകിവരുന്ന വനിതാ രത്ന അവാർഡിന് സാമൂഹ്യസേവനം, കായികരംഗം, പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് ജീവിത വിജയം നേടിയ വനിതകൾ, സ്ത്രീകളുടെയും കുട്ടികളുടെയും ശാക്തീകരണ രംഗത്ത് പ്രവർത്തിക്കുന്ന വനിതകൾ, വിദ്യാഭ്യാസ മേഖലയിലും ശാസ്ത്ര സാങ്കേതിക മേഖലയിലും വ്യക്തിമുദ്ര പതിപ്പിച്ച സ്ത്രീകൾ എന്നിവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. മറ്റു വ്യക്തികൾക്കോ സംഘടനകൾക്കോ ശുപാർശയായും അപേക്ഷ നൽകാം. അർഹതയുള്ള വനിതകൾ, സംഘടനകൾ, മറ്റു വ്യക്തികൾ എന്നിവരിൽ നിന്നും അപേക്ഷകൾ/നോമിനേഷനുകൾ ജില്ലാ വനിതാ ശിശുവികസന ഓഫീസർക്ക് ഈ മാസം 11 നു മുൻപായി സമർപ്പിക്കണം. വിശദവിവരങ്ങളും അപേക്ഷാ ഫോറങ്ങളും www.wcd.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. ഫോൺ - 0468 2224130.

(പിഎൻപി 608/2020)

## ചെറുകോൽപ്പുഴ ഹിന്ദുമത കൺവെൻഷൻ: പ്രത്യേക സ്ക്വാഡ് പരിശോധന നടത്തി

ചെറുകോൽപ്പുഴ ഹിന്ദുമത കൺവെൻഷൻ സെന്ററിന്റെ പരിസരത്തു പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ഐസ്ക്രീം പാർലറുകൾ, ടോയ്സ്-ഫാൻസി സെന്ററുകൾ, പാത്രക്കടകൾ, കൂൾബാർ തുടങ്ങിയ വ്യാപാര സ്ഥാപനങ്ങളിൽ പ്രത്യേക സ്ക്വാഡ് പരിശോധന നടത്തി. വിലവിവര പട്ടിക പ്രദർശിപ്പിച്ചിട്ടില്ലാത്ത സ്ഥാപനങ്ങളിൽ അത് പ്രദർശിപ്പിക്കുന്നതിനും പാക്കേജ്ഡ് കമ്മോഡിറ്റീസ് റൂൾ പ്രഖ്യാപനം ഉറപ്പുവരുത്തുന്നതിനും ത്രാസുകളുടെ രേഖകൾ സൂക്ഷിക്കുന്നതിനും കർശന നിർദേശം നൽകി. കൂടാതെ ആഹാര പദാർഥങ്ങൾ കൈകാര്യം ചെയ്യുന്ന തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ് നിർബന്ധമായും ഉ ായിരിക്കണം എന്ന നിർദേശം നൽകിയിട്ടു ്. ഉപയോഗശേഷമുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ സൂക്ഷിച്ച് അവ ശേഖരിക്കുന്നവരെ കൃത്യമായി ഏല്പിക്കണമെന്ന നിർദേശവും വ്യാപാര സ്ഥാപങ്ങൾക്കു നൽകി.

ഹെൽത്ത്, റവന്യൂ, പോലീസ്, ലീഗൽ മെട്രോളജി, എൽ.എസ്.ജി.ഡി തുടങ്ങിയ വകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥരാണു പരിശോധനയ്ക്കു നേതൃത്വം നൽകിയത്. സ്പെഷ്യൽ വില്ലേജ് ഓഫീസർ സൈമൺ കെ.വർഗീസ്, ലീഗൽ മെട്രോളജി വകുപ്പ് ഇൻസ്പെക്ടർ കെ.ജി സുജിത്, ഹെൽത്ത് ഇൻസ്പെക്ടർ സി.സി ജയൻ, എ.എസ്.ഐ: എ.പി അജികുമാർ, ഇൻസ്

പെക്ടറിംഗ് അസിസ്റ്റന്റ് വി.ആര്‍ സന്തോഷ് കുമാര്‍, അയിരൂര്‍ പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി ജയന്‍ ഡി.നായര്‍ എന്നിവര്‍ പങ്കെടുത്തു.

(പിഎന്‍പി 609/2020)




.

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

ഫെബ്രുവരി 5

**February 5** **2020**

**1193 മകരം 22 ബുധൻ**

# പത്രക്കുറിപ്പ് -2



www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657


## കൊറോണ രോഗനിയന്ത്രണം: സർക്കാർ, സ്വകാര്യ മേഖലയിലെ ആശുപത്രി ജീവനക്കാർക്ക് പരിശീലനം നൽകി

കൊറോണ രോഗനിയന്ത്രണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ജില്ലയിലെ വിവിധ സർക്കാർ, സ്വകാര്യ മേഖലയിലെ ആശുപത്രികളിലെ ജീവനക്കാർക്ക് പരിശീലനം നൽകി. രോഗീ പരിചരണം, ചികിത്സ, രോഗപകർച്ച തടയൽ, സുരക്ഷാ മാർഗങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ ഡോക്ടർമാർ, നേഴ്സുമാർ, പാരാ മെഡിക്കൽ ജീവനക്കാർ, ആംബുലൻസ് ഡ്രൈവർമാർ, നേഴ്സിംഗ് അസിസ്റ്റന്റുമാർ, അറ്റൻഡർമാർ തുടങ്ങിയവർക്കാണ് പ്രധാന ഗവൺമെന്റ് ആശുപത്രികളിൽ പരിശീലനം നൽകിയത്. പുഷ്പഗിരി മെഡിക്കൽ കോളജ്, ബിലീവേഴ്സ് മെഡിക്കൽ കോളജ്, പത്തനംതിട്ട മുത്തൂറ്റ് ആശുപത്രി, തിരുവല്ല മെഡിക്കൽ മിഷൻ, പൊയ്യാനിൽ ഹോസ്പിറ്റൽ കോഴഞ്ചേരി, എൻ.എസ്.എസ് മെഡിക്കൽ മിഷൻ പന്തളം തുടങ്ങിയ ആശുപത്രികളിലും പരിശീലനം നടന്നു. പത്തനംതിട്ട ഐ.എം.എ യുടെ നേതൃത്വത്തിൽ ഡോക്ടർമാർക്കും നേഴ്സുമാർക്കും പരിശീലനം നൽകി.

(പിഎൻപി 610/2020)

## കൊറോണ രോഗനിയന്ത്രണം: പരിശീലനത്തിന് വിദഗ്ധ സംഘം

കൊറോണ രോഗ നിയന്ത്രണ പരിശീലന ബോധവൽക്കരണ പരിപാടിയ്ക്കായി ജില്ലാ മെഡിക്കൽ ഓഫീസിന്റെ ആഭിമുഖ്യത്തിൽ വിദഗ്ധ സംഘത്തെ നിയോഗിച്ചിട്ടു ന്ന് ജില്ലാ

മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. എ.എൽ ഷീജ അറിയിച്ചു. ഡെപ്യൂട്ടി ഡി.എം.ഒ ഡോ. രശ്മിയാണ് സംഘത്തിന് നേതൃത്വം നൽകുന്നത്. ജില്ലയിൽ എവിടെയും ബോധവൽകരണ പരിപാടികൾ നടത്തുന്നതിന് ആരോഗ്യ വകുപ്പ് സന്നദ്ധമാണെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

(പിഎൻപി 611/2020)

## കൊറോണ ബാധ: വിദേശത്തുനിന്ന് എത്തുന്നവരെ കണ്ടെത്താൻ പോലീസ് സഹായിക്കും

കൊറോണ ബാധയുടെ പശ്ചാത്തലത്തിൽ ചൈന ഉൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിൽ നിന്ന് നാട്ടിലെത്തിയവരെ കണ്ടെത്തി വൈദ്യപരിശോധനയ്ക്ക് വിധേയരാക്കാൻ പോലീസ് സഹായിക്കും.

ജനമൈത്രി പോലീസിന്റെ സഹായത്തോടെയാണ് ഇത്തരക്കാരെ കണ്ടെത്തുന്നതെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ അറിയിച്ചു. ഇങ്ങനെ കണ്ടെത്തുന്നവരെ ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നതിനും മറ്റ് സഹായങ്ങൾ ലഭ്യമാക്കുന്നതിനും മുന്തിയ പരിഗണനയാണ് പോലീസ് നൽകുന്നത്.

(പിഎൻപി 612/2020)

## ലോക തണ്ണീർത്തട ദിനത്തോടനുബന്ധിച്ച് സെമിനാറും ഡോക്യുമെന്ററി പ്രദർശനവും നടത്തി

കോന്നി ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഹരിതകേരളം മിഷൻ, ജൈവ വൈവിധ്യ ബോർഡ് എന്നിവരുടെ സഹകരണത്തോടെ ലോക തണ്ണീർത്തട ദിനത്തോടനുബന്ധിച്ച് 'ജലം ജീവനാണ്' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാറും ഡോക്യുമെന്ററി പ്രദർശനവും നടത്തി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം. രജനി ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് പ്രവീൺ പ്ലാവിളയിൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഹരിത കേരളം മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ആർ.രാജേഷ്, ജൈവ വൈവിധ്യ ബോർഡ് ജില്ലാ കോ-ഓർഡിനേറ്റർ മാത്യു.എം.തോമസ് എന്നിവർ മുഖ്യപ്രഭാഷണം നടത്തി.

കാലാവസ്ഥ വ്യതിയാനം ജീവജാലങ്ങളുടെ നിലനിൽപ്പിന് ഭീഷണിയാകുന്ന കാലഘട്ടത്തിൽ തണ്ണീർത്തടങ്ങളും നീരൊഴുക്കുകളും ജലസ്രോതസുകളും സംരക്ഷിക്കപ്പെടണമെന്ന സന്ദേശം ഉൾക്കൊണ്ടാണു സെമിനാറും ഡോക്യുമെന്ററി പ്രദർശനവും സംഘടിപ്പിച്ചത്.

ആവാസവ്യവസ്ഥയുടെ സന്തുലിതാവസ്ഥ നിലനിർത്തേണ്ടതും തണ്ണീർതടങ്ങൾ സംരക്ഷിക്കേണ്ടതും സമൂഹത്തിന്റെകൂടി ഉത്തരവാദിത്വമാണെന്നും ജലം ജീവന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണെന്നുമുള്ള വിഷയത്തിന്മേൽ സെമിനാറും നടന്നു. സുരേഷ് ഇളമൺ തയ്യാറാക്കിയ ജൈവ വൈവിധ്യ ബോർഡിന്റെ 'വെറ്റ് ലാൻഡ് ഓഫ് കേരള' എന്ന ഡോക്യുമെന്ററി പ്രദർശനവും നടന്നു. കോന്നി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് അംഗങ്ങൾ എന്നിവർക്കായിട്ടാണ് സെമിനാറും ഡോക്യുമെന്ററിയും നടത്തിയത്.

ജൈവ വൈവിദ്യ സംരക്ഷണ സമിതി അംഗം ചിറ്റാർ ആനന്ദൻ വിഷയാവതരണം നടത്തി. ദീനാമ്മ റോയി, അനിസാബു, എൻ.എൻ രാജപ്പൻ, തുളസി മോഹൻ, ഓമന

തങ്കച്ചൻ, മാത്യു പറപ്പള്ളിൽ, ലീലാമണി ടീച്ചർ, ലിസി സാം, പി.കെ.രവി, പി.രല്ലു, തോമസ് കാലായിൽ, ബിന്ദു ടീച്ചർ എന്നിവർ സംസാരിച്ചു.

***ഫോട്ടോയു ്: തണ്ണീർത്തടം:-*** ലോക തണ്ണീർത്തട ദിനത്തോടനുബന്ധിച്ച് 'ജലം ജീവനാണ്' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാറും ഡോക്യുമെന്ററി പ്രദർശനവും കോന്നി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.രജനി ഉദ്ഘാടനം ചെയ്യുന്നു.

(പിഎൻപി 613/2020)

## ദ്വിദിന ക്ലിനിക് സമാപിച്ചു

## ഇച്ഛാശക്തി വളർത്തിയെടുത്താൽ മാത്രമേ വിജയിക്കാൻ സാധിക്കു : അന്നപൂർണാദേവി

ഇച്ഛാശക്തിയോടെ ഉള്ള പ്രവർത്തനങ്ങൾ മാത്രമേ വിജയത്തിലെത്തിക്കുകയുള്ളൂ എന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി പറഞ്ഞു. ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ തിരുവല്ല ഹോട്ടൽ തിലകിൽ ഭക്ഷ്യോത്പാദനം, സാങ്കേതിക വിദ്യ തുടങ്ങിയ വിഷയങ്ങളിൽ നടത്തുന്ന ദ്വിദിന ക്ലിനിക് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു പ്രസിഡന്റ്. സ്വയം സംരംഭകർ ഏറി വരുന്ന കാലമാണ്. കഴിവും വിദ്യാഭ്യാസവുമുള്ള ചെറുപ്പക്കാർ പുതിയ സംരംഭങ്ങൾ തുടങ്ങുന്നു. വ്യവസായ വകുപ്പ് അതിന് വേ എല്ലാ വിധ സഹായവും ചെയ്തു നല്കുന്നു. പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ചു കൊ ് ഭക്ഷ്യോത്പാദന രംഗത്ത് ഒരുപാട് മാറ്റങ്ങൾ കൊ ുവരാൻ സാധിക്കുമെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു.

തിരുവല്ല നഗരസഭ ചെയർമാൻ ചെറിയാൻ പോളച്ചിറക്കൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോർജ് മാമ്മൻ കൊ ൂർ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ഡി. രാജേന്ദ്രൻ, കെ.എസ്.എസ്.ഐ.എ ജില്ലാ പ്രസിഡന്റ് മോർളി ജോസഫ്, ജില്ലാ വ്യവസായ കേന്ദ്രം മാനേജർ ലിസിയാമ്മ സാമുവേൽ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

ഭക്ഷ്യോത്പാദന രംഗത്ത് സംരംഭം ആരംഭിക്കാൻ താത്പര്യമുള്ളവർക്കും സംരംഭകർക്കുമായാണ് ദ്വിദിന ഭക്ഷ്യോത്പാദന സാങ്കേതിക ക്ലിനിക്ക് സംഘടിപ്പിച്ചത്. നൂതന സാങ്കേതിക വിദ്യകൾ, ഉത്പാദന രീതികൾ, മേഖലകൾ, ആകർഷകമായ പാക്കേജിംഗ്, ബാർകോഡിംഗ്, ലേബലിംഗ്, ഭക്ഷ്യ ഇൻക്യുബേഷൻ സെന്റർ, പാഷൻ ഫ്രൂട്ടിൽ നിന്നുള്ള മൂല്യധിഷ്ഠിത ഉത്പന്നങ്ങൾ, ഡിജിറ്റൽ മാർക്കറ്റിംഗ് ആൻഡ് ബ്രാൻഡിംഗ്, ഫുഡ് സേഫ്ടി നിയമങ്ങൾ വിപണനതന്ത്രങ്ങൾ, മാംസാധിഷ്ഠിത ഉത്പനങ്ങൾ, സർക്കാർ ധനസഹായ പദ്ധതികൾ തുടങ്ങിയ വിഷയങ്ങളിൽ സെമിനാർ സംഘടിപ്പിച്ചു. സംസ്ഥാന- ജില്ലാതല എംഎസ്എംഇ അവാർഡ് ജേതാക്കളായ തിരുവല്ല ജോളി ഫുഡ്സ് ഉടമ ജോളി ഈപ്പനെയും, വടശേരിക്കര ആശ ഫുഡ് പ്രൊഡക്ട്സ് ഉടമ ആശാ ഷാജിയെയും പരിപാടിയിൽ ആദരിച്ചു.

***ഫോട്ടോ അടിക്കുറിപ്പ് :സെമിനാർ:-*** ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ തിരുവല്ല ഹോട്ടൽ തിലകിൽ ഭക്ഷ്യോത്പാദനം, സാങ്കേതിക വിദ്യ തുടങ്ങിയ വിഷയങ്ങളിൽ നടന്ന ദ്വിദിന ക്ലിനിക് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി ഉദ്ഘാടനം ചെയ്യുന്നു.

(പിഎൻപി 614/2020)

## സ്കിൽ രജിസ്ട്രി മൊബൈൽ ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്യാം

സാങ്കേതികവും പാരമ്പര്യവുമായ വിവിധ മേഖലകളിൽ പ്രാവീണ്യമുള്ളവർക്കും ഐ.ടി.ഐ, ഡിപ്ലോമ, എഞ്ചിനീയറിംഗ് പഠിച്ചവർക്കും കുടുംബശ്രീ ട്രെയിനിംഗ് ലഭിച്ചവർക്കും സർവീസ് പ്രൊവൈഡറായി രജിസ്റ്റർ ചെയ്യാൻ അവസരം. സ്കിൽ രജിസ്ട്രി മൊബൈൽ ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്യുന്നതിനായി പത്തനംതിട്ട ജില്ലാ എംപ്ലോയ്മെന്റ് ഓഫീസിൽ നാളെ (07) രാവിലെ 10 ന് രജിസ്ട്രേഷൻ ക്യാമ്പ് നടക്കും. ജില്ലാ എംപ്ലോയ്മെന്റ് ഓഫീസിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവർക്കും അല്ലാത്തവർക്കും ക്യാമ്പിൽ പങ്കെടുക്കാം. രജിസ്ട്രേഷന് എത്തുന്നവർ സ്മാർട്ട് ഫോൺ, ഫോട്ടോ, ഒറിജിനൽ സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ കാർഡ് ആധാർ) എന്നിവ കൊ ുവരണം.

ദൈനംദിന ഗാർഹിക - വ്യാവസായിക ആവശ്യങ്ങൾക്ക് വിദഗ്ധരുടെ സേവനം ലഭ്യമാക്കുന്നതിന് കേരള ഗവൺമെന്റ് ആവിഷ്ക്കരിച്ച പദ്ധതിയാണ് സ്കിൽ രജിസ്ട്രി മൊബൈൽ ആപ്ലിക്കേഷൻ. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെ.എ.എസ്.ഇ) വ്യാവസായിക പരിശീലന വകുപ്പ്, എംപ്ലോയ്മെന്റ് വകുപ്പ് , കുടുംബശ്രീ എന്നിവർ സംയുക്തമായാണ് പദ്ധതി നടപ്പാക്കുന്നത്. സേവനം ആവശ്യമുള്ളവർക്ക് കസ്റ്റമറായും രജിസ്റ്റർ ചെയ്യാം. ആപ് ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്നും ഡൗൺലോഡ് ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് തൊട്ടടുത്ത ഗവ. ഐ.ടി.ഐ യുമായി ബന്ധപ്പെടുക. ഫോൺ: 9496515015.

(പിഎൻപി 615/2020)

## ഗതാഗത നിയന്ത്രണം

മണ്ണാറകുളഞ്ഞി- കോഴഞ്ചേരി റോഡിൽ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതിനാൽ പാമ്പാടിമൺ വൺവേ ട്രാഫിക് റോഡ് വഴിയുള്ള ഗതാഗതം ഇന്ന് (06) മുതൽ ഒരാഴ്ചത്തേക്ക് താൽകാലികമായി നിരോധിച്ചു. റാന്നി ഭാഗത്തു നിന്നും വരുന്ന വാഹനങ്ങൾ പൊയ്യാനിൽ ജംഗ്ഷനിലേക്കുള്ള വൺവേ റോഡ് വഴി പോകേ താണെന്ന് പി.ഡബ്ല്യൂ.ഡി അസി. എഞ്ചിനീയർ അറിയിച്ചു.

(പിഎൻപി 616/2020)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

.